# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2712** **14.12.2015** - ൽ മറുപടിക്ക്

## ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.എ. കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം പേട്ട മൂന്നാം മനയ്ക്കൽ നിന്നും പുള്ളിലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; | (എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കൽ മുതൽ പുള്ളിലൈൻ വരെയുള്ള ഒന്നര കിലോമീറ്ററോളം ദൂരത്തിൽ പൈപ്പ് ലൈനുകളും മാൻഹോളുകളും നിലവിലുണ്ട്. 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോമീറ്ററോളം ലൈൻ കൽപകനഗർ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നു വരുന്നു. ചാക്ക മുതൽ കൽപകനഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുവാദം കിട്ടിയാൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച ഡ്രെയിനേജ് പൈപ്പ് ലൈൻ ഉപയോഗശൂന്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മാറ്റാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (ബി) കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ടു പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗയോഗ്യമാണെന്നും അതിൻപ്രകാരം തുടർനടപടി എന്ന നിലയിൽ 'സി' ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകളെ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി കരാറുകാരനെകൊണ്ട് ചെയ്യിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. |
| (സി) എ.ഡി.ബി ഫണ്ട് ഉപയോഗിച്ചുള്ള സി ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വിശദീകരിക്കുമോ ; | (സി) എ.ഡി.ബി.ഫണ്ട് ഉപയോഗിച്ചുള്ള 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതി ഏകദേശ 25 ശതമാനത്തോളം പണി പൂർത്തിയായി. പമ്പ് ഹൗസുകളുടെ നവീകരണവും മറ്റ് അനുബന്ധ ജോലികളും നടന്നു വരുന്നു. ട്രങ്ക് മെയിനിന്റെ |

പണികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശപ്രകാരം നിർത്തി വച്ചിരിക്കുന്നു. ഇട്ട് കഴിഞ്ഞ ട്രങ്ക് മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ ചെയ്യുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | മൂന്നാം മനയ്ക്കൽ റസിഡൻസ് അസോസിയേഷന്റെ അപേക്ഷ യനുസരിച്ച് 350 മീറ്റർ ദൂരത്തിൽ സ്വീവേജ് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള ഫീസിബിലിറ്റി സർവ്വെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | ഫീസിബിലിറ്റി സർവ്വേ റിപ്പോർട്ട് പരിശോധിച്ചതിൻ പ്രകാരം പ്രസ്തുത ലൈൻ നെറ്റ്‌വർക്ക് കവറേജ് ഏരിയയിൽ ഉൾപ്പെടുത്താനായി അലൈൻമെന്റ് ഡ്രോയിംഗ് സമർപ്പിക്കുവാൻ കരാറുകാരന് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ചാക്ക മുതൽ കൽപക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സമ്മർദ്ദം ചെലുത്തുമോ ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ചാക്ക മുതൽ കൽപക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേയിൽ നിന്ന് അനുമതി ലഭിച്ചതനുസരിച്ച് ട്രങ്ക് മെയിൻ 550 മീറ്റർ സ്ഥാപിച്ചെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശപ്രകാരം പണി നിർത്തി വച്ചു. തുടർന്നുള്ള പണികൾക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുമതി ലഭിച്ചിട്ടില്ല. ഇട്ട പൈപ്പുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ തന്നെ മാറ്റി സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതു കഴിഞ്ഞാലേ തുടർന്നുള്ള പണികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ